# കേരള സർക്കാർ

## സംഗ്രഹം

ധനകാര്യ വകുപ്പ് - സംസ്ഥാനത്തെ കോവിഡ് -19 കേസുകളുടെ വർദ്ധനവ് കണക്കിലെടുത്ത് ട്രഷറികളിൽ അടിയന്തിരമായി ഏർപ്പെടുത്തേണ്ട ആരോഗ്യ സുരക്ഷാ മുൻകരുതലുകൾ സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പെൻഷൻ-ബി) വകുപ്പ്**

**സ.ഉ(അച്ചടി) നം.69/2021/ധന.** **തീയതി, തിരുവനന്തപുരം, 28/04/2021**

---

പരാമർശം:- 1) സ.ഉ (സാധാ) നം.383/2021/ഡി.എം.ഡി തീയതി 26/04/2021.
2) ട്രഷറി ഡയറക്ടറുടെ 23/04/2021 തീയതിയിലെ TRY/737/2020-P2 നം. കത്ത്

## ഉത്തരവ്

സംസ്ഥാനത്തെ കോവിഡ് -19 കേസുകളുടെ വർദ്ധനവ് കണക്കിലെടുത്ത് രോഗത്തിന്റെ സമൂഹ വ്യാപനം തടയുന്നതിനായി പരാമർശം ഉത്തരവ് മുഖേന സർക്കാർ മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു.

2) സംസ്ഥാനത്ത് പെൻഷൻ വിതരണ ദിവസങ്ങളിൽ, പ്രത്യേകിച്ചും മാസത്തിലെ ആദ്യ ആഴ്ചയിൽ, അനിതരസാധാരണമായ തിക്കും തിരക്കും ആൾക്കൂട്ടവും അനുഭവപ്പെടാറുണ്ടെന്ന് ട്രഷറി ഡയറക്ടർ പരാമർശ കത്ത് മുഖേന അറിയിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് വരും മാസങ്ങളിലെ ആദ്യ ദിനങ്ങളിലെ തിരക്കും ആൾക്കൂട്ടവും ഒഴിവാക്കുന്നതിനായി ചുവടെ ചേർക്കുന്ന നിയന്ത്രണങ്ങൾ ട്രഷറികളിൽ ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു

a. ഓരോ ട്രഷറിയിൽ നിന്നും PTSB മുഖേന പെൻഷൻ കൈപ്പറ്റുന്ന പെൻഷൻകാരെ അവരുടെ PTSB അക്കൗണ്ട് നമ്പറുകളുടെ അടിസ്ഥാനത്തിൽ 2021 മെയ് മാസം മുതൽ ആദ്യ അഞ്ച് പ്രവൃത്തി ദിനങ്ങളിൽ ക്രമീകരിച്ച് ചുവടെ വിശദീകരിക്കുന്ന തരത്തിൽ പെൻഷൻ വിതരണം നടത്തുന്നതാണ്. തുടർന്ന് വരുന്ന ഓരോ 5 പ്രവൃത്തി ദിവസങ്ങളുടെ ഇടവേളകളിലും ഇതേ രീതിയിൽ ഉള്ള നിയന്ത്രണങ്ങളോടെ തന്നെ പെൻഷൻ വിതരണം തുടരുന്നതാണ്.

| ക്രമ നമ്പർ | ദിവസം | പെൻഷൻ വിതരണം നടത്തുന്ന അക്കൗണ്ടുകൾ |
|---|---|---|
| 1 | തിങ്കൾ | **രാവിലെ:** പി ടി എസ് ബി അക്കൗണ്ട് നമ്പർ പൂജ്യത്തിൽ (0) അവസാനിക്കുന്ന അക്കൗണ്ടുകൾ.<br>**ഉച്ചയ്ക്ക് ശേഷം:** പി ടി എസ് ബി അക്കൗണ്ട് നമ്പർ ഒന്നിൽ (1) അവസാനിക്കുന്ന അക്കൗണ്ടുകൾ. |
| 2 | ചൊവ്വ | **രാവിലെ:** പി ടി എസ് ബി അക്കൗണ്ട് നമ്പർ രണ്ടിൽ (2) അവസാനിക്കുന്ന അക്കൗണ്ടുകൾ.<br>**ഉച്ചയ്ക്ക് ശേഷം:** പി ടി എസ് ബി അക്കൗണ്ട് നമ്പർ മൂന്നിൽ (3) അവസാനിക്കുന്ന അക്കൗണ്ടുകൾ. |
| 3 | ബുധൻ | **രാവിലെ:** പി ടി എസ് ബി അക്കൗണ്ട് നമ്പർ നാലിൽ (4) അവസാനിക്കുന്ന അക്കൗണ്ടുകൾ.<br>**ഉച്ചയ്ക്ക് ശേഷം:** പി ടി എസ് ബി അക്കൗണ്ട് നമ്പർ അഞ്ചിൽ (5) അവസാനിക്കുന്ന അക്കൗണ്ടുകൾ. |
| 4 | വ്യാഴം | **രാവിലെ:** പി ടി എസ് ബി അക്കൗണ്ട് നമ്പർ ആറിൽ (6) അവസാനിക്കുന്ന അക്കൗണ്ടുകൾ.<br>**ഉച്ചയ്ക്ക് ശേഷം:** പി ടി എസ് ബി അക്കൗണ്ട് നമ്പർ ഏഴിൽ (7) അവസാനിക്കുന്ന അക്കൗണ്ടുകൾ. |
| 5 | വെള്ളി | **രാവിലെ:** പി ടി എസ് ബി അക്കൗണ്ട് നമ്പർ എട്ടിൽ (8) അവസാനിക്കുന്ന അക്കൗണ്ടുകൾ.<br>**ഉച്ചയ്ക്ക് ശേഷം:** പി ടി എസ് ബി അക്കൗണ്ട് നമ്പർ ഒൻപതിൽ (9) അവസാനിക്കുന്ന അക്കൗണ്ടുകൾ. |

b. പനിയോ മറ്റു രോഗ ലക്ഷണങ്ങളോ ഉള്ളവർ നേരിട്ട് ട്രഷറിയിൽ ഇടപാടിനായി എത്തുന്നത് പൂർണമായും ഒഴിവാക്കേണ്ടതാണ് . ഇത്തരത്തിൽ ട്രഷറികളിൽ നേരിട്ട് എത്തുവാൻ കഴിയാതെ വരുന്ന പെൻഷൻകാർ വ്യക്തിഗത ബാങ്ക് അക്കൗണ്ടുകളുടെ വിശദ വിവരങ്ങൾ ഒപ്പിട്ട ചെക്കിനോടൊപ്പം സമർപ്പിക്കുകയാണെങ്കിൽ അവർ ആവശ്യപ്പെടുന്ന തുക അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകുന്നതിനുള്ള ക്രമീകരണങ്ങൾ ട്രഷറികളിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

c. ട്രഷറി ക്യാഷ് / ടെല്ലർ കൗണ്ടറുകളുടെ മുന്നിൽ ഒരു സമയം പരമാവധി 5 ആളിനെ മാത്രം അനുവദിക്കുകയും അവർ വരി നിൽക്കേണ്ട സാഹചര്യം ഉണ്ടായാൽ അനുവദനീയമായ ശാരീരിക അകലം പാലിക്കുന്നുണ്ടെന്ന് ട്രഷറി അധികൃതർ ഉറപ്പ് വരുത്തേണ്ടതാണ്.

d. പെൻഷൻ കൈപ്പറ്റുന്നതിനായി എത്തുന്ന ശേഷിക്കുന്നവർ കസ്റ്റമർ ലോഞ്ച്, ട്രഷറിയുടെ പുറത്തുള്ള സൗകര്യപ്രദമായ മറ്റു വിശ്രമ സ്ഥലങ്ങൾ എന്നിവ കണ്ടെത്തി അവിടങ്ങളിൽ ആരോഗ്യപരമായ അകലത്തിൽ കാത്തിരിക്കേണ്ടതും നിർദ്ദേശങ്ങൾക്കനുസരിച്ച് മാത്രം കൗണ്ടറുകളിൽ എത്തി പെൻഷൻ തുക കൈപ്പറ്റേണ്ടതുമാണ് .

e. തിരക്കുള്ള ദിവസങ്ങളിൽ കൃത്യമായ ഇടവേളകളിൽ ട്രഷറി കൗണ്ടറുകളുടെ സാനിറ്റൈസേഷൻ പ്രവർത്തനങ്ങളിൽ ട്രഷറി ജീവനക്കാരെ സഹായിക്കുന്നതിനായി പ്രദേശത്തെ ആരോഗ്യ പ്രവർത്തകരുടെ സേവനം ലഭ്യമാക്കുമെന്ന് ആരോഗ്യവകുപ്പ് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.

f. പെൻഷൻകാരുടെ തിരക്ക് നിയന്ത്രിക്കുന്നതിലേക്കായി പോലീസ് ഉദ്യോഗസ്ഥരുടെ സേവനം അതത് ട്രഷറികളിൽ ലഭ്യമാക്കുമെന്ന് ജില്ലാ പോലീസ് മേധാവികളും ഉറപ്പ് വരുത്തേണ്ടതാണ്.

g. സുരക്ഷാ മുൻകരുതലുകൾക്ക് ആവശ്യമായ ഇൻഫ്രാറെഡ് തെർമൽ സ്കാനർ, സാനിറ്റൈസേഷൻ ലിക്വിഡുകൾ, മാസ്കുകൾ, മറ്റു ഉപകരണങ്ങൾ തുടങ്ങിയവ ആവശ്യാനുസരണം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പ്രദേശത്തെ സർക്കാർ ആശുപത്രിയുമായും ആരോഗ്യ പ്രവർത്തകരുമായും ബന്ധപ്പെട്ട് അതത് ട്രഷറി തലത്തിലെ ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതാണ്.

h. ശനിയാഴ്ചകൾ അവധി ദിവസമായതിനാൽ ആരോഗ്യവകുപ്പിന്റെയും മറ്റു ദുരന്ത നിവാരണ ഏജൻസികളുടെയും സഹകരണത്തോടെ ട്രഷറികൾ അണുവിമുക്തമാക്കുന്നതിനായുള്ള നടപടികൾ അതത് ട്രഷറി തലത്തിലെ ഉദ്യോഗസ്ഥർ സ്വീകരിക്കേണ്ടതാണ്.

i. മറ്റൊരു ഉത്തരവ് പുറപ്പെടുവിക്കുന്നത് വരെ സംസ്ഥാനത്തെ ട്രഷറികളുടെ പ്രവർത്തനം ഇത്തരത്തിൽ തുടരുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**അബ്ദുൾ ജലീൽ.എം**

അഡീഷണൽ സെക്രട്ടറി (ധനകാര്യം)

പകർപ്പ്:- പ്രിൻസിപ്പൽ സെക്രട്ടറി (റവന്യൂ & ദുരന്ത നിവാരണം).

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/ സെക്രട്ടറിമാർക്കും.

മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.

ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറി.

എല്ലാ വകുപ്പ് തലവൻമാർക്കും.

സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം .

കമ്മീഷണർ, ദുരന്ത നിവാരണ അതോറിറ്റി, തിരുവനന്തപുരം.

എല്ലാ ജില്ലാ കളക്ടർമാർക്കും.

എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും / സബ് ട്രഷറി ഓഫീസർമാർക്കും.

മിഷൻ ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷൻ, കേരള.

മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, തിരുവനന്തപുരം.

ആഭ്യന്തര വകുപ്പ്.

ആരോഗ്യ വകുപ്പ്.

വെബ് ആന്റ് ന്യൂ മീഡിയ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഇ-1756287)

ഉത്തരവിൻ പ്രകാരം

for സെക്ഷൻ ഓഫീസർ